بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ ۝۱

# ജുമുഅഃ ഖുത്ബ സംഗ്രഹം 29.12.2023

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ്** (അയ്യദഹുല്ലാഹ്)

***യു.കെ.യിലെ മസ്ജിദ് മുബാറക്കിൽ നിർവഹിച്ചത്.***

## തിരുനബി ചരിത്രം: ഉഹുദ് യുദ്ധ സംഭവവികാസങ്ങൾ

اَشۡهَدُ اَنۡ لَّاۤ اِلٰهَ اِلَّا اللّٰهُ وَحۡدَهٗ لَا شَرِيۡكَ لَهٗ وَاَشۡهَدُ اَنَّ مُحَمَّدًا عَبۡدُهٗ وَرَسُوۡلُهٗ

اَمَّا بَعۡدُ فَاَعُوۡذُ بِاللّٰهِ مِنَ الشَّيۡطٰنِ الرَّجِيۡمِ ۝ بِسۡمِ اللّٰهِ الرَّحۡمٰنِ الرَّحِيۡمِ ۝ اَلۡحَمۡدُ لِلّٰهِ رَبِّ الۡعٰلَمِيۡنَ ۝ الرَّحۡمٰنِ الرَّحِيۡمِ ۝ مٰلِكِ يَوۡمِ الدِّيۡنِ ۝ اِيَّاكَ نَعۡبُدُ وَاِيَّاكَ نَسۡتَعِيۡنُ ۝ اِهۡدِنَا الصِّرَاطَ الۡمُسۡتَقِيۡمَ ۝ صِرَاطَ الَّذِيۡنَ اَنۡعَمۡتَ عَلَيۡهِمۡ غَيۡرِ الۡمَغۡضُوۡبِ عَلَيۡهِمۡ وَلَا الضَّآلِّيۡنَ ۝

ഇന്നും ഉഹുദ് യുദ്ധത്തിന്റെ കുറച്ചു കൂടി വിവരങ്ങൾ നൽകുന്നതാണ്. ഞാൻ പറഞ്ഞു വന്നത് പോലെ മലയിടുക്ക് ഒഴിവാക്കിയപ്പോൾ കാഫിരീങ്ങൾ പിന്നിലൂടെ വന്ന് ആക്രമിച്ചു; അങ്ങനെ യുദ്ധഗതി തന്നെ മാറി. ശത്രുക്കളുടെ ആക്രമണം ഭയാനകമായിരുന്നു. ആ സമയത്ത് തിരുനബി(സ) കാണിച്ച സ്ഥൈര്യത്തിന്റേയും ധൈര്യത്തിന്റേയും തന്റേടത്തിന്റെയും മാതൃക എത്തരത്തിലുള്ളതായിരുന്നു എന്നതിനെ കുറിച്ച് എഴുതുന്നു, യുദ്ധഗതി മാറിയതിനുശേഷം സഹാബാക്കൾക്ക് പരിഭ്രാന്തി കാരണം തങ്ങളെ തന്നെ നിയന്ത്രിക്കാൻ കഴിഞ്ഞില്ല. നാലു ഭാഗത്തേക്കും അവർ ചിതറിയോടി. ഈ അസ്വസ്ഥഭരിതമായ ഘട്ടത്തിൽ നാലുപാടും ശത്രുസംഘങ്ങൾ ആയിരുന്നിട്ട് പോലും നബി(സ) സധൈര്യം ഉറച്ചുനിന്ന് സ്വഹാബാക്കൾ അസ്വസ്ഥരായി ഓടുന്നത് കണ്ടപ്പോൾ അവരെ വിളിച്ചു പറഞ്ഞു: അല്ലയോ ഇന്ന മനുഷ്യാ എന്റെ അടുത്തേക്ക് വരൂ. ഞാൻ അല്ലാഹുവിന്റെ റസൂൽ ആകുന്നു. അതേസമയം നാലു ഭാഗത്തുനിന്നും ശത്രുക്കളുടെ ശരവർഷം തുടർന്നുകൊണ്ടിരുന്നു.

ഒരു നിവേദനത്തിൽ പറയുന്നു: തിരുനബി(സ) ഉച്ചത്തിൽ ഇങ്ങനെ വിളിച്ച് പറഞ്ഞു:

اَنَا النَّبِيُّ لَا كَذِبۡ اَنَا ابۡنُ عَبۡدِالۡمُطَّلِبۡ اَنَا ابۡنُ الۡعَوَاتِكۡ

ഞാൻ പ്രവാചകനാകുന്നു. അതിൽ വ്യാജമില്ല. ഞാൻ അബ്ദുൽ മുത്തലിബിന്റെ മകനാകുന്നു. ഞാൻ അവാതിക്ക്, അതായത് ആത്തികമാരുടെ സന്തതിയാകുന്നു. പൊതുവിൽ പറയാറുള്ളത് ഇത് നബി(സ) ഹുനൈൻ യുദ്ധത്തിൽ പറഞ്ഞുവെന്നാണ്. എന്നാൽ നബി(സ) ഇതേ വാക്കുകൾ തന്നെ ഉഹ്ദ് യുദ്ധത്തിലും പറഞ്ഞതായിരിക്കാം.

ഇവിടെ ആത്തിക്ക എന്നതിന്റെ ബഹുവചനമായ അവാത്തിക്കിനെ കുറിച്ചും പരാമർശമുണ്ട്. ആത്തിക്ക എന്ന പേരിൽ ഒന്നിലധികം മഹിളകൾ നബി(സ)ന്റെ മാതാമഹികളും പിതാമഹികളും ആയിട്ടുണ്ടായിരുന്നു.

ഈ സംഭവത്തെ വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ് എഴുതുന്നു. അബ്ദുല്ലാഹ് ബിൻ ജുബൈറിന്റെ കൂട്ടുക്കാർ വിജയം ലഭിച്ചതായി കണ്ടപ്പോൾ തങ്ങളുടെ നേതാവായ അബ്ദുല്ലായോട് പറഞ്ഞു: (ഇപ്പോൾ വിജയം ലഭിച്ചിരിക്കുന്നു.) ഞങ്ങൾക്കും സൈന്യത്തോടൊപ്പം ചേരാൻ താങ്കൾ അനുമതി നൽകിയാലും. അബ്ദുല്ലാഹ് അവരെ തടയുകയുണ്ടായി. എന്നാൽ നബി(സ) പറഞ്ഞതിന്റെ ഉദ്ദേശ്യം പൂർണമായും സമാധാനമാകുന്നതുവരെ മലയിടുക്ക് ഉപേക്ഷിക്കരുത് എന്നുമാത്രമാണ് എന്നും പറഞ്ഞ് അവർ താഴെ ഇറങ്ങി. ഖാലിദ് ബിൻ വലീദ് ദൂരെ നിന്ന് മലയിടുക്കിലേക്ക് നോക്കിയപ്പോൾ അവിടെ കാലിയാണെന്ന് കണ്ടു. അങ്ങനെ അദ്ദേഹം ഇക്രിമ ബിൻ അബൂജഹലിനേയും ബാക്കിയായ സൈന്യത്തെയും കൂട്ടി അതിശീഘ്രം അവിടേക്കെത്തി നിമിഷ നേരംകൊണ്ട് അബ്ദുല്ലാഹ് ബിൻ ജുബൈറിനെയും അദ്ദേഹത്തിന്റെ കൂട്ടുകാരെയും ശഹീദാക്കി മുസ്‌ലിം സൈന്യത്തിനുമേൽ ഓർക്കാപ്പുറത്ത് ആക്രമണം നടത്തി. ആ സമയത്ത് നബി(സ) ഒരു ഉയർന്ന സ്ഥലത്തുനിന്ന് ഈ കാഴ്ചകൾ എല്ലാം കാണുന്നുണ്ടായിരുന്നു. നബി(സ) മുസ്‌ലിംകളെ വിളിച്ചുകൊണ്ടിരുന്നു. എന്നാൽ ഈ ബഹളത്തിനിടയിൽ നബി(സ)യുടെ ശബ്ദം ആണ്ടുപോവുകയുണ്ടായി.

ഭൂരിഭാഗം മുസ്‌ലിംകളും തികച്ചും നിഷ്ക്രിയരായി മാറി. എത്രത്തോളം എന്നാൽ ഈ സ്തബ്ധാവസ്ഥയിൽ ചില മുസ്‌ലിംകൾ പരസ്പരം ആക്രമിക്കുകപോലും ഉണ്ടായി. സ്വന്തക്കാരനും അന്യനും തമ്മിലുള്ള വ്യതിരിക്തത പോലും ഇല്ലാതായി.

ചില മുസ്‌ലിംകളുടെ കൈകൾകൊണ്ട് തന്നെ മറ്റു മുസ്‌ലിംകൾക്ക് പരിക്ക് പറ്റി. ഹുദൈഫയുടെ പിതാവ് യമാനെ മുസ്‌ലിംകൾ അബദ്ധവശാൽ ശഹീദാക്കി. തിരുനബി(സ) പിന്നീട് മുസ്‌ലിംകളുടെ ഭാഗത്തുനിന്ന് യമാന്റെ ബ്ലഡ്‌മണി നല്കാൻ ആഗ്രഹിച്ചെങ്കിലും ഹുദൈഫ അത് വാങ്ങുന്നത് വിസമ്മതിച്ച്കൊണ്ട് തന്റെ പിതാവിന്റെ രക്തം ചിന്തിയതിൽ മുസ്‌ലിംകൾക്ക് മാപ്പു കൊടുത്തു.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി സൂറഃ നൂറിലെ 64 ാമത്തെ ആയത്തിലെ തഫ്സീറിൽ ഈ സംഭവത്തെ പരാമർശിച്ചുകൊണ്ടു പറയുന്നു: ഈ റസൂലിന്റെ കൽപനക്ക് എതിരെ പ്രവർത്തിക്കുവർക്ക് എതിരെ അല്ലാഹുവിന്റെ ഭാഗത്തുനിന്ന് എന്തെങ്കിലും ശിക്ഷ വരും എന്ന് ഭയക്കേണ്ടതാണ്. ഉഹുദ് യുദ്ധത്തിൽ ഇത്തരത്തിൽ ഒരു കൽപനക്ക് എതിരെ പ്രവർത്തിച്ചതുകൊണ്ട് ഇസ്‌ലാമിക സൈന്യത്തിന് എത്ര വലിയ നഷ്ടമാണ് സംഭവിച്ചത്. ഇസ്‌ലാമിക സൈന്യത്തിന് കാഫിരീങ്ങൾക്കു മേലുണ്ടായ വിജയത്തിനുശേഷം സംഭവിച്ച താത്കാലിക പരാജയത്തിന്റെ ആഘാതം ഏൽക്കാനിടവന്നത് നബി(സ)ന്റെ ഒരു നിർദേശത്തെ അവഗണിച്ചത് കൊണ്ടായിരുന്നു. നബി(സ)ന്റെ നിർദേശങ്ങൾക്ക് അനുസരിച്ച് പ്രവർത്തിക്കുന്നതിനു പകരം സ്വയം വിശകലനം നടത്തി പ്രവർത്തിക്കുക ആയിരുന്നു. അവർ നബി(സ)നു പിന്നിൽ ഹൃദയത്തിന്റെ ഇങ്ങിതമനുസരിച്ച് ഞരമ്പുകൾ പ്രവർത്തിക്കുന്നത് പോലെ ചലിക്കണമായിരുന്നു. നബി തിരുമേനി(സ)യുടെ കല്പന പാലിക്കുന്നതിന് മുഴുവൻ ലോകത്തിനും തങ്ങളുടെ ജീവൻ ത്യജിക്കേണ്ടി വന്നാലും അതിനൊന്നും ഒരു പ്രസക്തിയുമില്ല. അവർ സ്വയം വിശകലനം നടത്തി മലയിടുക്ക് ഉപേക്ഷിച്ചില്ലായിരുന്നു എങ്കിൽ, ശത്രുക്കൾക്ക് വീണ്ടും അക്രമിക്കുന്നതിന് അവസരം ലഭിക്കുകയോ നബി(സ)നും സ്വഹാബാക്കൾക്കും എന്തെങ്കിലും നഷ്ടം വരുകയോ ചെയ്യില്ലായിരുന്നു. അല്ലാഹു പറയുന്നു: കല്പന പാലിക്കാത്തതുകൊണ്ടാണ് നഷ്ടം സംഭവിച്ചത്. ഇത് അതിന്റെ പരിണിതിയും ആണ്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വളരെ സൂക്ഷ്മമായി വ്യാഖ്യാനിച്ച്കൊണ്ട് സൂറഃ കൗസറിന്റെ വളരെ വിശദമായ തഫ്സീർ നൽകിയിട്ടുണ്ട്.

തിരുനബി(സ)യുടെ ധൈര്യത്തേയും സ്ഥൈര്യത്തെയും കുറിച്ച് ഹദ്റത്ത് മിഖ്ദാദ് ബിൻ അംർ(റ) ഉഹുദ് ദിവസത്തെ പരാമർശിച്ചുകൊണ്ട് പറയുന്നു: അല്ലാഹുവാണെ സത്യം, മുശ്‌രികീങ്ങൾ കൊല്ലും കൊലയും നടത്തിക്കൊണ്ടിരുന്നു. തിരുനബി(സ)നും വലിയ പരിക്കേൽപ്പിച്ചു. കേൾക്കുക,. നബി(സ)നെ സത്യത്തോടുകൂടി അയച്ച അല്ലാഹുവാണെ സത്യം, തിരുനബി(സ) ഒരു ചാൺ പോലും പിന്നിലേക്ക് മാറിയില്ല. ശത്രുക്കളെ നേരിട്ടുകൊണ്ടിരുന്നു. ചിലപ്പോൾ നബി(സ) നിന്നുകൊണ്ട് തന്നെ തന്റെ ആവനാഴിയിൽ നിന്ന് ശരം എയ്തുകൊണ്ടിരുന്നു. അമ്പുകൾ അവസാനിച്ചു. അങ്ങനെ ആ വില്ല് ഖതാദ ബിൻ നുഅ്മാൻ ഏറ്റെടുത്തു. അത് പിന്നീട് അദ്ദേഹത്തിന്റെ പക്കൽ തന്നെ ആണ് ഉണ്ടായിരുന്നത്.

നാഫിഅ് ബിൻ ജുബൈർ വിവരിക്കുന്നു, ഞാൻ ഒരു മുഹാജിർ ഇങ്ങനെ പറയുന്നതായി കേട്ടു. ഞാൻ ഉഹുദിൽ പങ്കെടുത്തിട്ടുണ്ടായിരുന്നു. എല്ലാ ഭാഗത്തുനിന്നും അമ്പുകൾ വരുന്നതു ഞാൻ കണ്ടു. നബി(സ) അതിനു നടുവിൽ ആയിരുന്നു. ഓരോ അമ്പും നബി(സ)യിൽ നിന്ന് ദൂരെയാണ് പതിച്ചത്. അബ്ദുല്ലാഹ് ബിൻ ശിഹാബ് പറഞ്ഞു: അല്ലാഹു ഞങ്ങളിൽനിന്ന് അവിടുത്തേക്ക് സംരക്ഷണം ഒരുക്കുകയായിരുന്നു. അല്ലാഹുവാണെ, ഞങ്ങൾ നാലുപേർ അദ്ദേഹത്തെ വധിക്കുന്നതിനെ കുറിച്ച് പരസ്പരം കണക്കുക്കൂട്ടി മക്കയിൽനിന്ന് പുറപ്പെട്ടതായിരുന്നു. പക്ഷെ ഞങ്ങൾക്ക് അദ്ദേഹത്തിലേക്ക് എത്തിച്ചേരാൻ കഴിഞ്ഞില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: നബി(സ)യുടെ മക്കാജീവിതം ഒരു അത്ഭുത മാതൃക ആയിരുന്നു. ഒരു നിലക്ക് നബി(സ)യുടെ മുഴുവൻ ജീവിതവും പ്രയാസത്തിലാണ് കടന്നുപോയത്. ഉഹ്ദ് യുദ്ധത്തിൽ നബി(സ) (ഒരുവേള) ഒറ്റക്കായിരുന്നു. നബി(സ) ശത്രുക്കളാൽ വലയം ചെയ്യപ്പെട്ടിരുന്നപ്പോഴും തന്റെ വ്യക്തിത്വത്തെ ഒളിപ്പിച്ചുവെച്ചില്ല. മറിച്ച് (അല്ലാഹുവിന്റെ റസൂൽ ആണെന്ന്) വിളംബരപ്പെടുത്തുകയാണ് ചെയ്തത്. ജനങ്ങൾക്ക് അത് മനസ്സിലാക്കാൻ കഴിഞ്ഞിരുന്നു. ഉഹ്ദ് യുദ്ധത്തിൽ നബി(സ) ഒരുവേള ഒറ്റപ്പെടുകയുണ്ടായി. അതിലുള്ള രഹസ്യം നബി(സ)ന്റെ സ്ഥൈര്യം വെളിപ്പെടണമെന്നതായിരുന്നു. തിരുനബി(സ) പതിനായിരത്തിനു മുന്നിൽ ഏകനായി നിലകൊണ്ടു. ഞാൻ അല്ലാഹുവിന്റെ റസൂൽ ആകുന്നു എന്ന് പ്രഖ്യാപിച്ചു. ഇത്തരം മാതൃക കാണിക്കാൻ മറ്റൊരു നബിക്കും അവസരം ലഭിച്ചിട്ടില്ല.

ഉഹുദിൽ 3000 ആണ് ഉണ്ടായിരുന്നത്. എഴുത്തുകാരൻ എഴുതിയത്, മസീഹ് മൗഊദ്(അ) ഒരു പക്ഷെ രണ്ടു യുദ്ധങ്ങളെ പരാമർശിച്ചതായിരിക്കാം. അഹ്സാബ് യുദ്ധത്തിൽ പതിനായിരം കാഫിരീങ്ങൾ ഉണ്ടായിരുന്നു. മറ്റു യുദ്ധങ്ങളിലും ശത്രുക്കളുടെ അംഗബലം കൂടുതലായിരുന്നു.

ഏതായിരുന്നാലും ആ മഹാതമാവ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് നബി(സ) സ്ഥൈര്യത്തിന്റെ മാതൃക എങ്ങനെ പ്രകടമാക്കി എന്നായിരുന്നു.

തുടർന്ന് പറയുന്നു: അല്ലാഹു ഖാദിർ ആകുന്നു; അവൻ താൻ ഉദ്ദേശിക്കുന്ന ഏതൊരു വസ്തുവിനും ശക്തി നൽകുന്നതാണ്. തന്റെ കാണുക എന്ന ശക്തി അവൻ തന്റെ സംസാരത്തിൽ നൽകിയിട്ടുണ്ട്. പ്രവാചകൻമാർ ഈ സംസാരത്തിലാണ് തങ്ങളുടെ ജീവൻ നൽകിയത്. ഏതെങ്കിലും ആലങ്കാരികമായിട്ടുള്ള പ്രേമിക്ക് ഇങ്ങനെ ചെയ്യാൻ കഴിയുമോ. ഈ സംസാരം കാരണം ഒരു പ്രവാചകനും ഈ മൈതാനത്തിൽ ചുവടുവെച്ചതിനുശേഷം പിന്നീട് പിന്മാറിയിട്ടില്ല. ആരും തന്നെ കൂറ് കാണിക്കാതിരുന്നിട്ടുമില്ല. അതായത് വാദം ഉന്നയിച്ചതിനു ശേഷം പിന്നീട് അതിൽ ഉറച്ചു തന്നെ നിന്നു.

ഉഹുദ് യുദ്ധത്തെ കുറിച്ച് ജനങ്ങൾ വ്യാഖ്യാനിക്കാറുണ്ട്. പക്ഷെ യാഥാർഥ്യം എന്തെന്നാൽ ആ സമയത്ത് അല്ലാഹുവിന്റെ പ്രതാപത്തിന്റെ പ്രകടനമായിരുന്നു. അത് നബി(സ)നു അല്ലാതെ മറ്റാർക്കും സഹിക്കാനുള്ള ശക്തി ഉണ്ടായിരുന്നില്ല. അതുകൊണ്ട് നബി(സ) അവിടെ തന്നെ നിലയുറപ്പിച്ചു. സ്വഹാബാക്കളുടെ ചുവടുകൾ അസ്ഥിരപ്പെട്ടു.

നബി(സ)ന്റെ ജീവിതത്തിൽ കാണപ്പെടുന്നത് പോലുള്ള സത്യസന്ധതക്കും പരിശുദ്ധിക്കും സമാനമായത് എവിടെയും കാണാൻ സാധ്യമല്ല. അത് നബി(സ)ന് അല്ലാഹുവിൽ നിന്നാണ് ലഭിച്ചത്. അതുപോലെ തന്നെ നബി(സ)യോടൊപ്പം ഉണ്ടായിരുന്ന ദൈവീക സഹായത്തിന്റെ ഉദാഹരണങ്ങളും മറ്റെവിടെയും കിട്ടുകയുമില്ല.

ഖുത്ബയുടെ അവസാനത്തിൽ ഹുസൂർ തിരുമനസ്സ് ചില മർഹൂമീങ്ങളെ അനുസ്മരിച്ചുകൊണ്ട് പറഞ്ഞു: ആദ്യത്തേത് വളരെ കാലം ജമാഅത്തി സേവകനും മുബല്ലിഗുമായിരുന്ന ഡോക്ടർ ജലാൽ ശംസ് സാഹിബിനെ കുറിച്ചാണ്. ഇന്നലെ ഞാൻ ഇദ്ദേഹത്തിന്റെ ജനാസ നമസ്കരിപ്പിച്ചിട്ടുണ്ടായിരുന്നു. ജുമുഅക്ക് അനുസ്മരിക്കാം എന്ന് കരുതി. അദ്ദേഹം കഴിവും ലാളിത്യവും കൂറുമുള്ള വഖ്ഫെ സിന്ദഗി ആയിരുന്നു. യുകെയിലും ജർമനിയിലും മുബല്ലിഗ് ആയി സേവനമനുഷ്ഠിക്കാൻ തൗഫീഖ് ലഭിച്ചു. 2002 ൽ തുർക്കിയിൽ രണ്ടു സുഹൃത്തുക്കളോടൊപ്പം തബ്ലീഗ് ചെയ്തുവെന്ന കാരണത്താൽ നാലര മാസം തുറങ്കിലടക്കപ്പെടാൻ ഭാഗ്യം ലഭിക്കുകയുണ്ടായി.

തുടർന്ന് മൂന്ന് മർഹൂമീങ്ങളെ പരാമർശിച്ചു കൊണ്ട് ജനാസാ ഗാഇബ് നമസ്കരിക്കുന്നതാണെന്നു വിളംബരപ്പെടുത്തുകയുണ്ടായി. അതിൽ ആദ്യത്തേത് മുഹമ്മദ് ഭാംബിടി സാഹിബിന്റേതാണ്. ഇദ്ദേഹം കഴിഞ്ഞ ദിവസം നൂറ്റി ആറാമത്തെ വയസ്സിൽ വഫാത്തായി. വളരെ സ്നേഹവാത്സല്യമുള്ള വ്യക്തി ആയിരുന്നു. ഞാനും അദ്ദേഹത്തിന്റെ ശിഷ്യൻ ആയിരുന്നിട്ടുണ്ട്. നമ്മയ്ക്ക് വേണ്ടി (ശിശ്യരോട്) കാർക്കശ്യം കാണിച്ചിരുന്നു.

അടുത്തത് ഘാന നിവാസി ആയിരുന്ന യൂസുഫ് ജാരെ സാഹിബിന്റേതാകുന്നു. വളരെ ആത്മാർഥതയുള്ള അഹ്മദി ആയിരുന്നു. വ്യത്യസ്ത ജമാഅത്തി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. നല്ല രീതിയിൽ സേവനം ചെയ്യാൻ തൗഫീഖ് ലഭിച്ചിരുന്നു.

അടുത്തത് ഘാനയിലെ അൽ ഹാജ് ഉസ്മാൻ ബിൻ ആദം സാഹിബിന്റേതാണ്. പരേതൻ വസിയ്യത് നിസാമിൽ ഉൾപ്പെട്ട ആത്മാർഥതയുള്ള അഹ്മദി ആയിരുന്നു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹജ്ജ് ചെയ്യാനും സൗഭാഗ്യം ലഭിച്ചിരുന്നു. അദ്ദേഹത്തിന് വിശുദ്ധ ഖുർആൻ ഫാനിറ്റി ഭാഷയിലുള്ള തർജ്ജമയിലും വലിയ പങ്കുണ്ട്.

ഇവരുടെ മക്കൾക്കും ഇവരുടെ നന്മകൾ തുടരുന്നതിന് തൗഫീഖ് നൽകുമാറാകട്ടെ.

اَلْحَمْدُ لِلّٰهِ نَحْمَدُهٗ وَ نَسْتَعِيْنُهٗ وَ نَسْتَغْفِرُهٗ وَنُؤْمِنُ بِهٖ وَنَتَوَكَّلُ عَلَيْهِ وَنَعُوْذُ بِاللّٰهِ مِنْ شُرُوْرِ اَنْفُسِنَا وَ مِنْ سَيِّئَاتِ اَعْمَالِنَا مَنْ يَّهْدِهِ اللّٰهُ فَلَا مُضِلَّ لَهٗ وَمَنْ يُّضْلِلْهُ فَلَا هَادِىَ لَهٗ - وَنَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَنَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ - عِبَادَ اللّٰهِ رَحِمَكُمُ اللّٰهُ اِنَّ اللّٰهَ يَاْمُرُ بِالْعَدْلِ وَ الْاِحْسَانِ وَ اِيْتَاءِ ذِى الْقُرْبٰى وَيَنْهٰى عَنِ الْفَحْشَاءِ وَ الْمُنْكَرِ وَ الْبَغْىِ يَعِظُكُمْ لَعَلَّكُمْ تَذَكَّرُوْنَ اُذْكُرُوا اللّٰهَ يَذْكُرْكُمْ وَ ادْعُوْهُ يَسْتَجِبْ لَكُمْ وَلَذِكْرُ اللّٰهِ اَكْبَرُ -

Friday Sermon Summary delivered by **Hadrat Khalifatul Masih Al-khamis** (atba)
at Masjid Mubarak, Islamabad, Tilford, UK – on 29.12.2023
Malayalam Translation: **Moulavi H. Shamsuddin Kavassery** For Malayalam Desk, Qadian.
Typing : Moulavi P.M. Waseem Ahmad Chelakkara, Layout: T.Jamshad Mukkam

Published By Nazarat Nashr-O-Isha'at, Sadr Anjuman Ahmadiyya - Qadian, 143516